**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - ജീവനക്കാര്യം - കണ്ണൂർ ജില്ലയിലെ റീസർവേ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീ. പി. മുഹമ്മദ് കുഞ്ഞിയെ 2016 ലെ RPWD Act പ്രകാരം സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിലേയ്ക്ക് പുനർവിന്യസിക്കുന്നതിന് അനുമതി നൽകിയ സർക്കാർ ഉത്തരവിന് സാധൂകരണം നൽകിയും ടിയാന്റെ 100% ലോക്കോമോട്ടീവ് ഡിസബിലിറ്റി സാക്ഷ്യപ്പെടുത്തിയ 31.08.2022 തീയതിയിൽ ടി തസ്തികയ്ക്ക് പ്രാബല്യം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (റ്റി) വകുപ്പ്**

സ.ഉ.(കൈ) നം.102/2026/RD തിരുവനന്തപുരം, 04-03-2026

---

പരാമർശം:-

1. 01.06.2020 ലെ സ.ഉ.(സാധാ)നം.1985/2020/RD നമ്പർ ഉത്തരവ്.
2. 25.05.2023 ലെ സ.ഉ.(സാധാ)നം.1993/2023/RD നമ്പർ ഉത്തരവ്.
3. 21.11.2024 ലെ സ.ഉ.(സാധാ)നം.2766/2024/RD നമ്പർ ഉത്തരവ്.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 28.03.2025, 27.07.2025 തീയതികളിലെ LR/1440/2022-LR(N3) നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

1. ബധിരനും മൂകനുമായ ശ്രീ. പി. മുഹമ്മദ് കുഞ്ഞി 19.06.2020 ൽ ഓഫീസിൽ വരാനൊരുങ്ങവേ വീടിന്റെ ടെറസ്സിൽ നിന്നും തലകറങ്ങി വീഴുകയും നട്ടെല്ലിനു ക്ഷതം സംഭവിച്ച് ശരീരം തളർന്ന് കിടപ്പിലാവുകയും ചെയ്തതിനെ തുടർന്ന് ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 01.06.2019 മുതൽ 31.05.2020 വരെയും, 01.06.2020 മുതൽ 31.05.2023 വരെയും യഥാക്രമം പരാമർശം (1), (2) സർക്കാർ ഉത്തരവുകൾ പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിരുന്നു.
2. തുടർന്ന് ടിയാൻ 01.06.2023 മുതൽ 31.05.2024 വരെ ശൂന്യവേതനാവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകണ്ടായി. കണ്ണൂർ ജില്ലാ ആശുപത്രിയിൽ നിന്നും 31.08.2022 ൽ ലഭ്യമായ ഡിസബിലിറ്റി സർട്ടിഫിക്കറ്റിൽ ടിയാന്റെ Locomotive disability 100% ആണെന്ന് സാക്ഷ്യപ്പെടുത്തിയിരുന്നു. കൂടാതെ KSR, Part III, Rule 46 (a) പ്രകാരമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിൽ ടിയാന് ഇനി സർവീസിൽ തുടരാനാകില്ലയെന്നും സാക്ഷ്യപ്പെടുത്തിയിരുന്നു. ആയതിനാൽ 2016 ലെ

RPWD Act ലെ Section 20(4) പ്രകാരം ടിയാനെ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർവിന്യസിക്കാവുന്നതാണെന്ന് ശിപാർശ ചെയ്തുകൊണ്ട് ടിയാന്റെ മേൽ അവധി അപേക്ഷ സഹിതം ലാൻഡ് റവന്യൂ കമ്മീഷണർ ഒരു പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിൽ റീസർവേ അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ ഓഫീസ് അറ്റൻഡന്റായ ശ്രീ. പി. മുഹമ്മദ് കുഞ്ഞിയെ 2016 ലെ RPWD Act ലെ Section 20(4) പ്രകാരം ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിലേയ്ക്ക് ടിയാനെ പുനർവിന്യസിക്കുന്നതിന് പരാമർശം (3) പ്രകാരം അനുമതി നല്കിയിരുന്നു.

3. എന്നാൽ പരാമർശം (3) ഉത്തരവ് കേരള സെക്രട്ടറിയേറ്റ് ഇൻസ്ട്രക്ഷൻസ് ഖണ്ഡിക 18 (A) പ്രകാരം നടപടിക്രമങ്ങൾ പാലിച്ചിരുന്നില്ല. കൂടാതെ ടി ഉത്തരവിൽ ഏത് തീയതി പ്രാബല്യത്തിലാണ് ടിയാന് ആനുകൂല്യങ്ങൾ നല്കേണ്ടതെന്ന് വ്യക്തമാക്കാതിരുന്നതിനാലും, 2016 ലെ RPWD Act ലെ Section 20(4) പ്രകാരം കണ്ണൂർ ജില്ലയിൽ റീസർവേ അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ ഓഫീസ് അറ്റൻഡന്റായ ശ്രീ. പി. മുഹമ്മദ് കുഞ്ഞിയെ 21.11.2024 തീയതി പ്രാബല്യത്തിൽ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് ടിയാന് ശമ്പളാനുകൂല്യങ്ങൾ നല്കുന്നതിലേയ്ക്കായി ചുവടെ പറയുന്ന വിശദാംശങ്ങൾ സഹിതം ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (4) പ്രകാരം ഒരു നിർദ്ദേശം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

| | |
|---|---|
| ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. മുഹമ്മദ് കുഞ്ഞി പി. |
| പെൻ നമ്പർ | 560155 |
| തസ്തിക | ഓഫീസ് അറ്റൻഡന്റ് |
| തസ്തിക സൃഷ്ടിക്കേണ്ട ഓഫീസ് | കണ്ണൂർ റീ സർവ്വേ ആൻഡ് ലാൻഡ് റെക്കോർഡ്സ് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം |
| ശമ്പള സ്കെയിൽ (പ്രീ റിവൈസ്ഡ് സ്കെയിൽ) | 24400-55200 (17500-39500) |

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ റീസർവേ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ. പി. മുഹമ്മദ് കുഞ്ഞിയെ 2016 ലെ ഭിന്നശേഷി അവകാശ നിയമം വകുപ്പ് 20(4) ന്റെ ആനുകൂല്യം നല്കി നിയമിക്കുന്നതിനായി സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച പരാമർശം (3) ഉത്തരവിന് സാധൂകരണം നൽകിയും, ടിയാനെ നിയമിക്കുന്നതിനായി പ്രസ്തുത ഓഫീസിൽ സൂപ്പർന്യൂമററിയായി സൃഷ്ടിച്ച ഓഫീസ് അറ്റൻഡന്റ് തസ്തികയ്ക്ക് (24,400 - 55200 എന്ന ശമ്പള സ്കെയില്) ടിയാന് 100% ലോക്കോമോട്ടീവ് ഡിസബിലിറ്റി സാക്ഷ്യപ്പെടുത്തിയ 31.08.2022 തീയതി പ്രാബല്യം നൽകിയും ഉത്തരവാകുന്നു.

5. പരാമർശം (2) ഉത്തരവ് പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ടിയാന് 01.06.2020

മുതൽ 31.05.2023 വരെ അനുവദിച്ച ശൂന്യവേതനാവധിയിൽ 31.08.2022 മുതൽ 31.05.2023 വരെയുള്ള അവധി റദ്ദ് ചെയ്തും ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. മേൽ ഭേദഗതികളോടെ പരാമർശം (3), (2) സർക്കാർ ഉത്തരവുകൾ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

1. കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
2. ജില്ലാ കളക്ടർ, കണ്ണൂർ
3. ശ്രീ. പി. മുഹമ്മദ് കുഞ്ഞി, ഓഫീസ് അറ്റൻഡന്റ്, റീ സർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, കണ്ണൂർ (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ /ആഡിറ്റ്), കേരള, തിരുവനന്തപുരം.
5. ധനകാര്യ വകുപ്പ് (15.10.2025 ലെ 2163674/EXP-A1/451/2022-FIN നമ്പർ റിമാർക്ക്സ് പ്രകാരം)
6. നിയമ വകുപ്പ് (30/10/2025 ലെ OPN-G2/255/2025-LAW നമ്പർ റിമാർക്ക്സ് പ്രകാരം)
7. സാമൂഹ്യ നീതി വകുപ്പ് (18.11.2025 ലെ SJD-B1/266/2025-SJD നമ്പർ റിമാർക്ക്സ് പ്രകാരം)
8. പൊതുഭരണ (എസ്.സി) വകുപ്പ് (02.03.2026 ലെ ഇനം നമ്പർ......................പ്രകാരം)
9. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
10. കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (REV-T1/89/2025-REV)

ഉത്തരവിൻ പ്രകാരം

Signed by
Sindhu Beegum M S
Date: 05-03-2026 11:09:46

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. മുഖ്യമന്ത്രിയുടെ പി.എസ്. ന്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്
ഓഫീസർ ഓൺ ഡ്യൂട്ടി, ചീഫ് സെക്രട്ടറിയുടെ ഓഫീസ്
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ സി എ യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 02-03-2026**

ഫയൽ നം. റവ-റ്റി1/89/2025/റവ. ഇനം നം: 3784

വിഷയം : റവന്യൂ വകുപ്പ് - കണ്ണൂർ ജില്ലയിലെ റീസർവ്വെ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീ. പി. മുഹമ്മദ് കുഞ്ഞിയെ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിലേയ്ക്ക് ടിയാനെ പുനർവിന്യസിക്കുന്നതിന് അനുമതി നൽകിയ 21.11.2024-ലെ സ.ഉ.(സാധാ)നം.2766/2024/RD ഉത്തരവിന് സാധൂകരണം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

3784

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | റവ-റ്റി1/89/2025-റവ. |
| 2 | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3 | വിഷയം | കണ്ണൂർ ജില്ലയിലെ റീസർവേ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീ. പി. മുഹമ്മദ് കുഞ്ഞിയെ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിലേയ്ക്ക് ടിയാനെ പുനർവിന്യസിക്കുന്നതിന് അനുമതി നൽകിയ 21.11.2024 ലെ സ.ഉ.(സാധാ) നം.2766/2024/RD ഉത്തരവിന് സാധൂകരണം നൽകുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 19.02.2026 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾകൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്., നിയമ വകുപ്പ്, സാമൂഹ്യനീതി വകുപ്പ് |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. ബൈജു കുമാർ എസ്. |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീ. എം. ജി. രാജമാണിക്കം |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 24.02.2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 24.02.2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 26.02.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 26.02.2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കണ്ണൂർ ജില്ലയിലെ റീസർവേ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീ. പി. മുഹമ്മദ് കുഞ്ഞിയെ 2016 ലെ ഭിന്നശേഷി അവകാശ നിയമം വകുപ്പ് 20(4) ന്റെ ആനുകൂല്യം നല്കി ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിലേയ്ക്ക് ടിയാനെ പുനർവിന്യസിക്കുന്നതിന് അനുമതി നൽകിയ 21.11.2024 ലെ സ.ഉ.(സാധാ)നം.2766/2024/RD ഉത്തരവിന് സാധൂകരണം നല്കുന്നതും ടി തസ്തിക സൃഷ്ടിച്ചതിന് 100% ലോക്കോമോട്ടീവ് ഡിസബിലിറ്റി സാക്ഷ്യപ്പെടുത്തിയ 31.08.2022 തീയതി പ്രാബല്യം നല്കുന്നതും അപ്രകാരം സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കുമ്പോൾ 25.05.2023 ലെ സ.ഉ.(സാധാ)നം.1993/2023/ആർ.ഡി. പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ടിയാന് അനുവദിച്ച ശൂന്യവേതനാവധിയിൽ 31.08.2022 മുതൽ 31.05.2023 വരെയുള്ള ശൂന്യവേതനാവധി ഭാഗം റദ്ദ് ചെയ്യുന്നതും സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ബധിരനും മൂകനുമായ ശ്രീ. പി. മുഹമ്മദ് കുഞ്ഞി 19.06.2020 ൽ ഓഫീസിൽ വരാനൊരുങ്ങവേ വീടിന്റെ ടെറസ്സിൽ നിന്നും തലകറങ്ങി വീഴുകയും നട്ടെല്ലിനു ക്ഷതം സംഭവിച്ച് ശരീരം തളർന്ന് കിടപ്പിലാവുകയും ചെയ്തതിനെ തുടർന്ന് ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാന് മെഡിക്കൽ ഗ്രൗണ്ടിൽ 01.06.2019 മുതൽ 31.05.2020 വരെയും, 01.06.2020 മുതൽ 31.05.2023 വരെയും യഥാക്രമം 01.06.2020 ലെ സ.ഉ.(സാധാ)നം.1985/2020/റവ, 25.05.2023 ലെ സ.ഉ.(സാധാ)നം.1993/2023/RD എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിരുന്നു.

3. തുടർന്ന് ടിയാൻ 01.06.2023 മുതൽ 31.05.2024 വരെ ശൂന്യവേതനാവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയുണ്ടായി. കണ്ണൂർ ജില്ലാ ആശുപത്രിയിൽ നിന്നും 31.08.2022 ൽ ലഭ്യമായ ഡിസബിലിറ്റി സർട്ടിഫിക്കറ്റിൽ ടിയാന്റെ Locomotive disability 100% ആണെന്ന് സാക്ഷ്യപ്പെടുത്തിയിരുന്നു. കൂടാതെ KSR, Part III, Rule 46 (a) പ്രകാരമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിൽ ടിയാന് ഇനി സർവീസിൽ തുടരാനാകില്ലയെന്നും സാക്ഷ്യപ്പെടുത്തിയിരുന്നു. ആയതിനാൽ 2016 ലെ RPWD Act ലെ Section 20(4) പ്രകാരം ടിയാനെ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർവിന്യസിക്കാവുന്നതാണെന്ന് ശിപാർശ ചെയ്തു കൊണ്ട് ടിയാന്റെ അവധി അപേക്ഷ സഹിതം ലാൻഡ് റവന്യൂ കമ്മീഷണർ ഒരു പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

4. തുടർന്ന് സാമൂഹ്യനീതി വകുപ്പിന്റെയും നിയമ വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിൽ റീസർവേ അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ ഓഫീസ് അറ്റൻഡന്റായ ശ്രീ. പി. മുഹമ്മദ് കുഞ്ഞിയെ 2016 ലെ RPWD Act ലെ Section 20(4) പ്രകാരം ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിലേയ്ക്ക് ടിയാനെ പുനർവിന്യസിക്കുന്നതിന് 21.11.2024 ൽ സ.ഉ.(സാധാ) നം.2766/2024/RD പ്രകാരം അനുമതി നല്കിയിരുന്നു.

5. എന്നാൽ മേൽ ഉത്തരവ് പുറപ്പെടുവിച്ചതിൽ കേരള സെക്രട്ടറിയേറ്റ് ഇൻസ്ട്രക്ഷൻസ് ഖണ്ഡിക 18 (A) പ്രകാരം തസ്തിക സൃഷ്ടിക്കുന്നതിന് മന്ത്രിസഭയുടെ അംഗീകാരം നേടണമെന്ന നടപടി സ്വീകരിച്ചിട്ടില്ലാത്തതിനാലും ഏത് തീയതി പ്രാബല്യത്തിലാണ് ടിയാന് ആനുകൂല്യങ്ങൾ നല്കേണ്ടതെന്ന്

വ്യക്തമാക്കാതിരുന്നതിനാലും 2016 ലെ RPWD Act ലെ Section 20(4) പ്രകാരം കണ്ണൂർ ജില്ലയിൽ റീസർവേ അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ ഓഫീസ് അറ്റൻഡന്റായ ശ്രീ. പി. മുഹമ്മദ് കുഞ്ഞിയെ 21.11.2024 തീയതി പ്രാബല്യത്തിൽ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് ടിയാന് ശമ്പളാനുകൂല്യങ്ങൾ നല്കുന്നതിലേയ്ക്കായി ചുവടെ പറയുന്ന വിശദാംശങ്ങൾ സഹിതം ലാൻഡ് റവന്യൂ കമ്മീഷണർ ഒരു നിർദ്ദേശം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

| | |
|---|---|
| ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. മുഹമ്മദ് കുഞ്ഞി പി. |
| പെൻ നമ്പർ | 560155 |
| തസ്തിക | ഓഫീസ് അറ്റൻഡന്റ് |
| തസ്തിക സൃഷ്ടിക്കേണ്ട ഓഫീസ് | കണ്ണൂർ റീ സർവ്വേ ആൻഡ് ലാൻഡ് റെക്കോർഡ് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം |
| ശമ്പള സ്കെയിൽ (പ്രീ റിവൈസ്ഡ് സ്കെയിൽ) | 24400-55200 (17500-39500) |

6. തുടർന്ന് ശ്രീ. പി. മുഹമ്മദ് കുഞ്ഞിക്ക് 2016 RPWD Act ലെ Section 20(4) പ്രകാരമുള്ള ആനുകൂല്യങ്ങൾ എന്ന് മുതൽ അനുവദിക്കണമെന്നതിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയും പ്രസ്തുത വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തിരുന്നു.

> "ശ്രീ. പി. മുഹമ്മദ് കുഞ്ഞിയുടെ ഡിസബിലിറ്റി സർട്ടിഫിക്കറ്റ് തീയതി 31.08.2022 ആയതിനാൽ ടിയാന് പ്രസ്തുത തീയതി മുതൽ ഡിസബിലിറ്റി ആക്ടിന്റെ ആനുകൂല്യം അനുവദിക്കാവുന്നതാണെന്ന് കാണുന്നു. ഈ വിഷയത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായം കൂടി ആരാഞ്ഞ ശേഷം ഭരണ വകുപ്പിന് ഉചിത തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും 31.08.2022 തീയതി പ്രാബല്യത്തിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കുന്ന പക്ഷം 31.08.2022 മുതൽ 31.05.2023 വരെയുള്ള ശൂന്യവേതനാവധി റദ്ദാക്കേണ്ടതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു. "

7. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ മേൽ വിഷയത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

*"ശ്രീ. പി. മുഹമ്മദ് കുഞ്ഞിയുടെ ഡിസബിലിറ്റി സർട്ടിഫിക്കറ്റ് തീയതിയുടെ അടിസ്ഥാനത്തിൽ, 31.08.2022 മുതൽ 31.05.2023 വരെയുള്ള ശൂന്യവേതനാവധി റദ്ദ് ചെയ്ത്, 31.08.2022 പ്രാബല്യത്തിൽ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിലേയ്ക്ക് പുനർവിന്യാസം നടത്തി, ടിയാനു തദനുസൃതമായ ശമ്പളാനുകൂല്യങ്ങൾ നല്കുന്നതിന്മേൽ നിയമവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞുകൊണ്ടാണ് ഫയൽ നൽകിയിരിക്കുന്നത്.*

*സേവനത്തിൽ തുടരുമ്പോൾ വൈകല്യം സംഭവിക്കുന്ന സർക്കാർ ജീവനക്കാരനെ ഒഴിവാക്കുകയോ തരം താഴ്ത്തുകയോ ചെയ്യുവാൻ പാടില്ല എന്ന് 2016 ലെ THE RIGHTS OF PERSONS WITH DISABILITIES ACT ലെ വകുപ്പ് 20 ഉപവകുപ്പ് (4)ൽ വ്യവസ്ഥ ചെയ്യുന്നു. ടി ആക്ടിലെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ ഒരു ജീവനക്കാരൻ വൈകല്യം ബാധിച്ചതിനു ശേഷം ടിയാൻ വഹിച്ചിരുന്ന തസ്തികയിലേക്ക് അനുയോജ്യനല്ലായെന്നുണ്ടെങ്കിൽ ടിയാളെ അതേ ശമ്പളത്തിലും സേവനാനുകൂല്യങ്ങളോടും കൂടി മറ്റേതെങ്കിലും തസ്തികയിലേക്ക് മാറ്റാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. എന്നാൽ ജീവനക്കാരനെ ഏതെങ്കിലും തസ്തികയിൽ ക്രമീകരിക്കുവാൻ സാധിക്കാത്തപക്ഷം supernumerary തസ്തികയിൽ നിലനിർത്താവുന്നതാണ് എന്ന് രണ്ടാം ക്ലിപ്ത നിബന്ധനയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.*

*2016 ലെ THE RIGHTS OF PERSONS WITH DISABILITIES ACT ലെ വകുപ്പ് 20 ഉപവകുപ്പ് (4)ലെ രണ്ടാം ക്ലിപ്ത നിബന്ധന പ്രകാരം supernumerary തസ്തിക സൃഷ്ടിച്ച് ഏത് തീയതി പ്രാബല്യത്തിൽ പുനർവിന്യാസം നടത്തി ആനുകൂല്യങ്ങൾ നൽകണം എന്നത് സംബന്ധിച്ച് ടി ആക്ടിലോ 2017 ലെ The Rights of Persons with Disabilities Rules ലോ 2020 ലെ The Rights of Persons with Disabilities (Kerala) Rules ലോ വ്യവസ്ഥ ചെയ്യുന്നതായി കാണുന്നില്ല. 2016 ലെ THE RIGHTS OF PERSONS WITH*

DISABILITIES ACT ലെ വകുപ്പ് 47 പ്രകാരം, സേവനത്തിൽ തുടരുമ്പോൾ വൈകല്യം സംഭവിക്കുന്ന സർക്കാർ ജീവനക്കാരനെ അതേ ശമ്പള-സേവന ആനുകൂല്യങ്ങളുള്ള മറ്റൊരു തസ്തികയിലേക്ക് മാറ്റണമെന്നും, അത്തരമൊരു തസ്തിക ലഭ്യമല്ലെങ്കിൽ, ഒരു സൂപ്പർന്യൂമററി തസ്തിക ലഭ്യമാകുന്നതുവരെയോ അല്ലെങ്കിൽ വിരമിക്കൽ തീയതി വരെയോ നിലനിർത്തണമെന്നും വ്യവസ്ഥ ചെയ്യുന്നു. കേന്ദ്ര സർക്കാരിന്റെ 10.07.2009 -ലെ F.No.3603 5/3/2009-Estt.(Res.) ഓഫീസ് മെമ്മോറാണ്ടത്തിൽ, സർവ്വീസിലിരിക്കേ disability ബാധിക്കുന്ന ഒരു സർക്കാരുദ്യോഗസ്ഥന് നിയമാനുസൃതമുള്ള disability certificate ഹാജരാക്കുന്ന തീയതി മുതൽക്ക് സ്ഥാനക്കയറ്റത്തിനുള്ള സംവരാണാനുകൂല്യത്തിന് അർഹതയുള്ളതാണെന്ന് പ്രതിപാദിച്ചിട്ടുള്ളതാണ്. കൂടാതെ 1972 ലെ Central Civil Service (Leave) Rules ലെ വ്യവസ്ഥകൾ 1995 ലെ Persons with Disabilities (Equal Opportunities, Protection of Rights and Full Participation) Act വകുപ്പ് 47 നു തദ്ദനുസൃമായി ഭേദഗതി ചെയ്യുന്നതിലേക്കായി കേന്ദ്ര സർക്കാർ 25/02/2015 ലെ No.18017/1/2014-Estt(L) പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടത്തിൽ ഇപ്രകാരം പ്രതിപാദിച്ചിരിക്കുന്നു-:

> "3. The issues relating to leave or absence of Government servants who have acquired a disability while in service are required to be dealt with in the light of the provisions of the Section 47 of Persons with Disabilities (Equal Opportunities, Protection of Rights and Full Participation) Act, 1995. The case of a disabled government servant who is declared fit to resume duty but who may not able to perform the duties of the post he was holding earlier may be dealt with as per the first proviso to Section 47 of the PWD Act, 1995. The second proviso shall apply if it is not possible to adjust him against any existing post. In all such cases, the Government servant so adjusted shall be entitled to the pay scale and other service benefits attached to the post he was holding.
>
> ......................................................................

*5. Leave applied on medical certificate in connection with disability should not be refused or revoked without reference to a Medical Authority, whose advice shall be binding. The ceiling on maximum permissible leave laid down in Rule 12 may not be applied to leave on medical certificate applied in connection with the disability. Any leave debited for the period after a Government servant is declared incapacitated shall be remitted back into his/her leave account. " ടി ഓഫീസ് മെമ്മോറാണ്ടം ഭേദഗതി ചെയ്ത്, 2016 ലെ THE RIGHTS OF PERSONS WITH DISABILITIES ACT ലെ വകുപ്പ് 20 ന് അനുസൃതമായി മാറ്റം വരുത്തുന്നതിലേക്കായി പുറപ്പെടുവിച്ച 17/07/2018 തീയതിയിലെ No. 18017/I/2014-Estt(L) ഓഫീസ് മെമ്മോറാണ്ടത്തിൽ " Accordingly, it has now been decided that leave applied under rule 20, shall not be refused or revoked without reference to the Medical Authority, whose advice shall be binding. Further, any leave debited for the period(s) granted after receipt of the certificate of disability of the Medical Authority, shall be remitted back into the leave account of the Government servant." എന്ന് പരാമർശിച്ചിട്ടുള്ളതാണ്.*

*Kunal Singh V. Union of India and another (2003) 4 SCC 524, "It was held that while construing the provisions of a social beneficial legislation, particularly one dealing with disability, the interpretation that forwards the purpose of the Act must be given precedence over an interpretation that cripples its object."*

*2016 ലെ THE RIGHTS OF PERSONS WITH DISABILITIES ACT എന്നത് welfare legislation ആണ് എന്നതിനാൽ ജീവനക്കാരന് നിയമപരമായ എല്ലാ ആനുകൂല്യങ്ങളും പരിരക്ഷയും നൽകേണ്ടുന്നത് അനിവാര്യമാണ്. മേൽ പ്രസ്താവിച്ച കേന്ദ്ര സർക്കാർ ഓഫീസ് മെമ്മോറാണ്ടത്തിലെയും ബഹു. സുപ്രീം*

*കോടതി വിധിന്യായങ്ങളുടെയും വെളിച്ചത്തിൽ ജീവനക്കാരന്റെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവധി റദ്ദ് ചെയ്തുകൊണ്ട് ആനുകൂല്യങ്ങൾ നൽകാവുന്നതാണ്. ആയതിനാൽ ശ്രീ. പി. മുഹമ്മദ് കുഞ്ഞിയുടെ ഡിസബിലിറ്റി സർട്ടിഫിക്കറ്റ് തീയതിയുടെ അടിസ്ഥാനത്തിൽ, 31.08.2022 മുതൽ 31.05.2023 വരെയുള്ള ശൂന്യവേതനാവധി റദ്ദ് ചെയ്ത്, 31.08.2022 പ്രാബല്യത്തിൽ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിലേയ്ക്ക് പുനർവിന്യാസം നടത്തി, ടിയാനു തദനുസൃതമായ ശമ്പളാനുകൂല്യങ്ങൾ നൽകുന്നതിന് തടസ്സമില്ല. പ്രസ്തുത വിഷയത്തിൽ സാമൂഹ്യ നീതി വകുപ്പിന്റെ അഭിപ്രായം കൂടി ആരാഞ്ഞുകൊണ്ടു ഭരണ വകുപ്പിന് തീരുമാനം കൈകൊള്ളാവുന്നതാണ് എന്നും അറിയിക്കുന്നു.*

8. നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ *സാമൂഹ്യ നീതി വകുപ്പിന്റെ* അഭിപ്രായം ആരായുകയും ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

"സേവനത്തിലിരിക്കെ ഭിന്നശേഷിത്വം ബാധിച്ച ജീവനക്കാരെ സേവനത്തിൽ നിലനിർത്തുന്നതു സംബന്ധിച്ച് The Right of Persons with Disabilities Act, 2016, Chapter IV, Section 20(4) -ൽ വ്യവസ്ഥചെയ്തിട്ടുണ്ട്. ആയത് ഇപ്രകാരമാണ്:-

"No Government establishment shall dispense with or reduce in rank, an employee who acquires a disability during his or her service:
Provided that, if an employee after acquiring disability is not suitable for the post he was holding, shall be shifted to some other post with the same pay scale and service benefits:
Provided further that if it is not possible to adjust the employee against any post, he may be kept on a supernumerary post until a suitable post is available or he attains the age of superannuation, whichever is earlier."

റവന്യൂ വകുപ്പ് ലഭ്യമാക്കിയ നിയമ വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, ശ്രീ. പി. മുഹമ്മദ് കുഞ്ഞിക്ക് കണ്ണൂർ ജില്ലാ ആശുപത്രി മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയ, 31.08.2022 മുതൽ സാധുതയുള്ള സ്ഥിരം (Permanent) ഡിസബിലിറ്റി സർട്ടിഫിക്കറ്റ് പരിഗണിച്ച്, 2016-ലെ ഭിന്നശേഷി അവകാശ നിയമത്തിലെ സെക്ഷൻ 20(4) പ്രകാരമുള്ള ആനുകൂല്യം അനുവദിക്കാവുന്നതാണ്. അതനുസരിച്ച്, 31.08.2022 പ്രാബല്യത്തിൽ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിലേക്ക് അദ്ദേഹത്തെ പുനർവിന്യസിക്കുകയും, 31.08.2022 മുതൽ 31.05.2023 വരെയുള്ള അദ്ദേഹത്തിന്റെ ശൂന്യവേതനാവധി റദ്ദ് ചെയ്യാവുന്നതാണ്. ഈ തീയതി (31.08.2022) മുതൽ ടിയാന് 2016-ലെ ഭിന്നശേഷി അവകാശ നിയമത്തിലെ സെക്ഷൻ 20(4) പ്രകാരമുള്ള ആനുകൂല്യം അനുവദിക്കാവുന്നതാണ് എന്ന വിവരം ആ വകുപ്പിനെ അറിയിക്കുന്നു."

9. ശ്രീ. മുഹമ്മദ് കുഞ്ഞിയെ 2016 ലെ RPWD Act ലെ വകുപ്പ് 20(4) പ്രകാരം സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർവിന്യസിക്കുന്നതിന് 21.11.2024 ലെ സ.ഉ.(സാധാ)നം.2766/2024/ആർ.ഡി. ഉത്തരവ് പുറപ്പെടുവിച്ചതിൽ കേരള സെക്രട്ടറിയേറ്റ് ഇൻസ്ട്രക്ഷൻസിലെ ഖണ്ഡം 18 (A) യിലെ നിബന്ധന പ്രകാരമുള്ള നടപടി പാലിച്ചിട്ടില്ല.

10. മേൽ സാഹചര്യത്തിൽ കണ്ണൂർ ജില്ലയിലെ റീസർവേ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീ. പി. മുഹമ്മദ് കുഞ്ഞിയെ 2016 ലെ ഭിന്നശേഷി അവകാശ നിയമം വകുപ്പ് 20(4) ന്റെ ആനുകൂല്യം നൽകി പ്രസ്തുത വകുപ്പ് പ്രകാരം സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് ടിയാനെ പ്രസ്തുത തസ്തികയിലേയ്ക്ക് പുനർവിന്യസിക്കുന്നതിന് അനുമതി നൽകിയ 21.11.2024 ലെ സ.ഉ.(സാധാ)നം.2766/2024/RD ഉത്തരവിന് സാധൂകരണം നൽകാവുന്നതും പ്രസ്തുത സൂപ്പർ ന്യൂമററി തസ്തികയുടെ വിശദാംശങ്ങളും 100% ലോക്കോമോട്ടീവ്

ഡിസബിലിറ്റി സാക്ഷ്യപ്പെടുത്തിയ 31.08.2022 തീയതി പ്രാബല്യം നല്കി പ്രസ്തുത ഉത്തരവ് ഭേദഗതി ചെയ്യാവുന്നതുമാണ്.

11. ഈ വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനമെടുക്കേണ്ട വിഷയങ്ങൾ**

i) കണ്ണൂർ ജില്ലയിലെ റീസർവേ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീ. പി. മുഹമ്മദ് കുഞ്ഞിയെ 2016 ലെ ഭിന്നശേഷി അവകാശ നിയമം വകുപ്പ് 20(4) ന്റെ ആനുകൂല്യം നൽകി ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് ടി തസ്തികയിൽ ടിയാനെ നിയമിക്കുന്നതിന് അനുമതി നൽകിയ 21.11.2024 ലെ സ.ഉ.(സാധാ)നം.2766/2024/RD ഉത്തരവിന് സാധൂകരണം നൽകാമോ;

ii) പ്രസ്തുത ഓഫീസിൽ സൂപ്പർന്യൂമററിയായി സൃഷ്ടിച്ച ഓഫീസ് അറ്റൻഡന്റ് തസ്തികയ്ക്ക് (24,400 - 55200 എന്ന ശമ്പള സ്കെയിൽ) 100% ലോക്കോമോട്ടീവ് ഡിസബിലിറ്റി സാക്ഷ്യപ്പെടുത്തിയ 31.08.2022 തീയതി പ്രാബല്യം നല്കി മേൽ ഉത്തരവ് ഭേദഗതി ചെയ്യാമോ;

iii) 31.08.2022 തീയതി പ്രാബല്യത്തിൽ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കുമ്പോൾ, 25.05.2023 ലെ സ.ഉ.(സാധാ)നം.1993/2023/ആർ.ഡി. പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ടിയാന് 01.06.2020 മുതൽ 31.05.2023 വരെ അനുവദിച്ച ശൂന്യവേതന അവധിയിൽ 31.08.2022 മുതൽ 31.05.2023 വരെയുള്ള അവധി റദ്ദ് ചെയ്ത് ടി ഉത്തരവ് ഭേദഗതി ചെയ്യാമോ?

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - ജീവനക്കാര്യം - കണ്ണൂർ റവന്യൂ ഭരണത്തിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ. പി. മുഹമ്മദ് കുഞ്ഞിയെ RPWD Act 2016 Section 20(4) പ്രകാരം സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിലേയ്ക്ക് പുനർവിന്യാസിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

റവന്യൂ (റ്റി) വകുപ്പ്

സ.ഉ.(സാധാ) നം.2766/2024/RD തീയതി,തിരുവനന്തപുരം, 21-11-2024

പരാമർശം:-

1. 01.06.2020 ലെ സ.ഉ(സാധാ) നം.1985/2020/ആർ.ഡി.
2. ശ്രീ. പി. മുഹമ്മദ് കുഞ്ഞിയുടെ 13.09.2022 ലെ അപേക്ഷ.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 13.02.2022, 31.12.2022, 01.02.2023, 04.01.2024 തീയതികളിലെ എൽ.ആർ./1440/2022-എൽ.ആർ(എൻ3) നമ്പർ കത്തുകൾ.
4. 25.05.2023 ലെ സ.ഉ(സാധാ) നം.1993/2023/ആർ.ഡി.

<u>ഉത്തരവ്</u>

കണ്ണൂർ റീ സർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ. മുഹമ്മദ് കുഞ്ഞി, 19.06.2018 ൽ സംഭവിച്ച അപകടം മൂലം ശരീരം തളർന്ന് കിടപ്പിലായതിനെ തുടർന്ന് ടിയാന് 01.06.2019 മുതൽ 31.05.2023 വരെ ടി കാലയളവ് ആർജിതാവധിക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ കെ.എസ്.ആർ., ഭാഗം 1 ചട്ടം 88 പ്രകാരം പരാമർശം (1), (3) സർക്കാർ ഉത്തരവുകൾ പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിരുന്നു.

2) ശ്രീ. പി. മുഹമ്മദ് കുഞ്ഞി 19.06.2018 ൽ ഓഫീസിൽ വരാനൊരുങ്ങവേ, വീടിന്റെ ടെറസ്സിൽ നിന്ന് തലകറങ്ങി വീഴുകയും നട്ടെല്ലിന് ക്ഷതം സംഭവിച്ച് ശരീരം തളർന്ന് കിടപ്പാലായതുമാണെന്നും ടിയാൾക്ക് ഇപ്പോൾ ശരീരത്തിന് പുറകിലായി ട്യൂമർ വന്നിട്ടുള്ളതിനാൽ ടിയാന് ജോലിയിൽ പ്രവേശിക്കാൻ സാധ്യമല്ലെന്നും ടിയാന് ഉണ്ടായ അപകടം 2016 ലെ The Right of persons with Disabilities Act ന്റെ സെക്ഷൻ 20(4) പ്രകാരം Disability During Service എന്നുള്ളതിൽ പരിഗണിക്കാവുന്നതാണെന്നും ടിയാന്റെ നിലവിലെ അവസ്ഥ പരിഗണിച്ച് ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കണമെന്നും പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അപേക്ഷിച്ചിരുന്നു. കൂടാതെ ടിയാന് 01.06.2023 മുതൽ 31.05.2024 വരെ

ശൂന്യവേതനാവധി അനുവദിക്കുന്നതിനും. ടിയാനെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിലേയ്ക്ക് പുനർവിന്യസിക്കുന്നതിനും, ഇൻവാലിഡ് പെൻഷൻ അനുവദിക്കുന്നതിനുമുള്ള തുടർ നടപടി സ്വീകരിക്കുന്നതിനായി ടിയാന്റെ അവധി അപേക്ഷയും, ഇൻവാലിഡ് പെൻഷനുള്ള അപേക്ഷയും പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. മുഹമ്മദ് കുഞ്ഞിക്ക് കണ്ണൂർ ജില്ലാ ആശുപത്രിയിൽ നിന്നും നൽകിയിട്ടുള്ള 31.08.2022 ലെ സർട്ടിഫിക്കറ്റിൽ ടിയാന് Locomotor Disability 100% ആണെന്നും, കെ.എസ്.ആർ., ഭാഗം III, ചട്ടം 46(a) പ്രകാരമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിൽ ടിയാന് ഇനി സർവ്വീസിൽ തുടരാൻ കഴിയില്ലെന്നും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 2016 ലെ The Right of persons with Disabilities Act പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള ഡിസബിലിറ്റി സർട്ടിഫിക്കറ്റ് (100% disability) ലഭ്യമാക്കിയിട്ടുള്ളതിനാൽ ടി ആക്ട് പ്രകാരമുള്ള ആനുകൂല്യത്തിന് ടിയാൻ അർഹനാണെന്ന് കാണുന്നു.

4) മേൽ സാഹചര്യത്തിൽ കണ്ണൂർ ജില്ലയിൽ റീസർവ്വേ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ ഓഫീസ് അറ്റൻഡന്റായ ശ്രീ. പി. മുഹമ്മദ് കുഞ്ഞിയെ, 2016 ലെ RPWD ആക്ടിലെ വകുപ്പ് 20(4) പ്രകാരം ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിലേയ്ക്ക് പുനർവിന്യസിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റോയിച്ചൻ തോമസ്
ഡെപ്യൂട്ടി സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം. (സേവന പുസ്തകം സഹിതം).
ജില്ലാ കളക്ടർ, കണ്ണൂർ.
ശ്രീ. പി മുഹമ്മദ് കുഞ്ഞി, ഓഫീസ് അറ്റൻഡന്റ്, റീ സർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, കണ്ണൂർ. (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
സാമൂഹ്യ നീതി വകുപ്പ്(14.06.2022 ലെ SJD-B3/144/2022-SJD പ്രകാരം).
നിയമ വകുപ്പ്(21.09.2023 ലെ OPN-G2/150/2023-LAW പ്രകാരം).
ധനകാര്യ വകുപ്പ് (30.10.2024 ലെ E-2163674/EXP-A1/451/2022-FIN പ്രകാരം).
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധീകരണത്തിനായി).
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്(REV-T3/46/2022-REV)

ഉത്തരവിൻ പ്രകാരം

Sendhu Beegam M.S

സെക്ഷൻ ഓഫീസർ

പകർപ്പ്:

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - ജീവനക്കാര്യം - ശൂന്യവേതനാവധി - കണ്ണൂർ റീ സർവേ അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ. പി. മുഹമ്മദ് കുഞ്ഞിയുടെ ശൂന്യവേതനാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (റ്റി) വകുപ്പ്

സ.ഉ.(സാധാ) നം.1993/2023/RD തീയതി,തിരുവനന്തപുരം, 25-05-2023

---

പരാമർശം:- 1. 01.06.2020 ലെ സ.ഉ(സാധാ) നം.1985/2020/റവ.

2. ശ്രീ. പി. മുഹമ്മദ് കുഞ്ഞി സമർപ്പിച്ച അവധി അപേക്ഷ.

3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 13.02.2022, 26.11.2022, 31.12.2022, 01.02.2023 എന്നീ തീയതികളിലെ എൽ.ആർ.എൻ(3)-1440/2022 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

കണ്ണൂർ റീ സർവേ അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ. പി. മുഹമ്മദ് കുഞ്ഞിക്ക് കെ.എസ്.ആർ ഭാഗം-1 ചട്ടം 88 ലെ വ്യവസ്ഥകൾക്ക് വിധേയമായി 01.06.2019 മുതൽ 31.05.2020 വരെ പരാമർശം (1) പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിരുന്നു. ശ്രീ. മുഹമ്മദ്കുഞ്ഞി 19.06.2018 ൽ അപകടം മൂലം ശരീരം തളർന്ന് കിടപ്പിലാണെന്നതിനാൽ പ്രസ്തുത അവധി 01.06.2020 മുതൽ 31.05.2022 വരെ ദീർഘിപ്പിക്കുന്നതിലേയ്ക്കായി പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം ശിപാർശ ചെയ്ത് ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിന് സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ റീ സർവേ അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ. പി. മുഹമ്മദ് കുഞ്ഞിക്ക് പരാമർശം (1) പ്രകാരം അനുവദിച്ച ശൂന്യവേതനാവധിക്ക് തുടർച്ചയായി 01.06.2020 മുതൽ 31.05.2023 വരെ ടി കാലയളവ് ആർജ്ജിതാവധിക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ കെ.എസ്.ആർ. ഭാഗം 1 ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

3) ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ശ്രീ. പി. മുഹമ്മദ് കുഞ്ഞിയുടെ സേവനപുസ്തകത്തിൽ വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയചന്ദ്രൻ എ
അണ്ടർ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ തിരുവനന്തപുരം.

ജില്ലാ കളക്ടർ, കണ്ണൂർ.

ശ്രീ. പി. മുഹമ്മദ് കുഞ്ഞി, ഓഫീസ് അറ്റൻഡന്റ്, ജില്ലാ റവന്യൂ ഭരണം, കണ്ണൂർ. (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

ധനകാര്യവകുപ്പ്. (11.04.2023 ലെ ഇ-2163674: EXP-A1/451/2022-FIN നമ്പർ റിമാർക്ക്സ് പ്രകാരം).

വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Sindhu Beegum M S
Date: 25-05-2023 16:56:20

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പി. എസ് -ന്

ബഹു. റവന്യൂ മന്ത്രിയുടെ പി. എസ് ന്.

GOVERNMENT OF KERALA
(SRI. PINARAYI VIJAYAN MINISTRY)
NOTE FOR THE COUNCIL OF MINISTERS

| | | |
|---|---|---|
| 1 | File No. | REV-T1/89/2025-REV |
| 2 | Department | Revenue (T) Department |
| 3 | Subject | Ratification of the G.O.(Rt)No.2766/2024/RD dated 21.11.2024, in having accorded sanction for the creation of a Supernumerary post and redeploying Sri. P. Muhammed Kunji, Office Attendant in the Office of Assistant Director of Resurvey, Kannur District, against the said post -regarding |
| 4 | Date of Chief Minister's order for placing before the Council | 19.02.2026 |
| 5 | i) Does the case involve financial commitments/implications<br>ii) If the answer to the above is in the affirmative, whether the Finance Department has been consulted and their remarks incorporated in the Council Note | Yes<br><br>Yes |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | Yes., Law Department and Social Justice Department. |
| 7 | Name of Deputy Secretary who submitted the Draft Note | Sri. Byju Kumar S. |
| 8 | Name of Secretary who approved the Draft Note | Sri. M.G. Rajamanickam |
| 9 | Date of approval of the Draft Note for the Council by the Secretary | 24.02.2026 |
| 10 | Name of Chief Secretary who approved the Draft Note | Dr. A. Jayathilak |
| 11 | Date of approval of the Draft Note for the Council by the Chief Secretary | 24.02.2026 |
| 12 | Name of Minister who approved the Draft Note | Sri. K. Rajan |
| 13 | Date of approval of the Draft Note for the Council by the Minister | 26.02.2026 |
| 14 | Date of submission of fair copies | 26.02.2026 |
| 15 | Date of decision by the council of Ministers | |
| 16 | Number and date of the G.O. / letter communicating the decision. | |

# NOTE FOR THE COUNCIL OF MINISTERS

This note relates to the ratification of G.O.(Rt)No.2766/2024/RD dated 21.11.2024, in having accorded sanction for the creation of a supernumerary post and redeploying Sri. P. Mohammad Kunji, Office Attendant in the Office of Assistant Director of Resurvey, Kannur District against the said post by granting the benefits in accordance with the provisions laid down under Section 20(4) of the Rights of Persons with Disabilities Act, 2016 and modifying the said Government Order by giving date of effect to the post so created as on 31.08.2022, the date of the Disability Certificate stating that his locomotive disability is 100% and cancellation of Leave without Allowance granted to him on medical certificate for the period from 31.08.2022 to 31.05.2023 vide G.O(Rt) No.1993/2023/RD dated 25.05.2023, on creation of such supernumerary post.

2. Shri. P. Muhammed Kunji, who is deaf and dumb, fell from the terrace of his house on 19.06.2020 while getting ready to go to office. Owing to this, spinal injury sustained to him, resulting in paralysis of his body and he was bedridden. Pursuant to this, he was granted Leave Without Allowance on medical certificate for the period from 01.06.2019 to 31.05.2020 and from 01.06.2020 to 31.05.2023 vide G.O.(Rt)No. 1985/2020/RD dated 01.06.2020 and G.O.(Rt)No.1993/2023/RD dated 25.05.2023 respectively based on his application for leave.

3. Thereafter he has submitted an application to extend the Leave Without Allowance from 01.06.2023 to 31.05.2024. The disability certificate issued by the Kannur District Hospital on 31.08.2022 has certified that his Locomotive disability is 100%. Also, as per the medical certificate under Rule 46 (a) of KSR Part III, he was incapacitated to continue in service. Hence the Land Revenue Commissioner has submitted a proposal before the Government along with the applicant's request to extend Leave Without Allowance and has

recommended to redeploy him by creating a supernumerary post in accordance with the provisions under section 20 (4) of the RPWD Act, 2016.

4. Subsequently, based on the opinions of the Social Justice Department, Law Department and Finance Department, vide G.O(Rt) No.2766/2024/RD dated 21.11.2024, sanction was accorded to create a supernumerary post under Section 20(4) of the RPWD Act, 2016 and to redeploy Sri. P. Muhammed Kunji, Office Attendant in the Office of Assistant Director of Resurvey, Kannur District against the said post.

5. However, the said Government order did not satisfy the condition that the assent of the Council of Ministers has to be obtained for the post creation as per the clause 18 (A) of the Kerala Secretariat Instructions and also lacks the date from which the benefits should be given to him, and hence the Land Revenue Commissioner has submitted a proposal before the Government with the details given below for providing the emoluments to Sri. P. Muhammed Kunji, Office Attendant in the Office of Assistant Director of Resurvey, Kannur District with effect from 21.11.2024, by creating a supernumerary post in accordance with Section 20(4) of the RPWD Act, 2016.

| | |
|---|---|
| Name of Officer | Sri. P. Mohammad Kunji |
| PEN | 560155 |
| Post | Office Attendant |
| Office in which Post is creating | The Office of Assistant Director, Resurvey and Land Records, Kannur District. |
| Salary Scale (Pre revised) | 24400-55200 (17500-39500) |

6. Subsequently, the opinion of the Finance Department was sought on the date from which the benefits under Section 20(4) of the RPWD Act, 2016 to be given to Sri. P. Muhammed Kunji and that Department opined as follows.

"ശ്രീ. പി. മുഹമ്മദ് കുഞ്ഞിയുടെ ഡിസബിലിറ്റി സർട്ടിഫിക്കറ്റ് തീയതി 31.08.2022 ആയതിനാൽ ടിയാന് പ്രസ്തുത തീയതി മുതൽ

ഡിസബിലിറ്റി ആക്ടിന്റെ ആനുകൂല്യം അനുവദിക്കാവുന്നതാണെന്ന് കാണുന്നു. ഈ വിഷയത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായം കൂടി ആരാഞ്ഞ ശേഷം ഭരണ വകുപ്പിന് ഉചിത തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും 31.08.2022 തീയതി പ്രാബല്യത്തിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കുന്ന പക്ഷം 31.08.2022 മുതൽ 31.05.2023 വരെയുള്ള ശൂന്യവേതനാവധി റദ്ദാക്കേണ്ടതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു. ''

7. In view of the opinion of the Finance Department, the Law Department was consulted and that Department offered the following remarks.

*"ശ്രീ. പി. മുഹമ്മദ് കുഞ്ഞിയുടെ ഡിസബിലിറ്റി സർട്ടിഫിക്കറ്റ് തീയതിയുടെ അടിസ്ഥാനത്തിൽ, 31.08.2022 മുതൽ 31.05.2023 വരെയുള്ള ശൂന്യവേതനാവധി റദ്ദ് ചെയ്ത്, 31.08.2022 പ്രാബല്യത്തിൽ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിലേയ്ക്ക് പുനർവിന്യാസം നടത്തി, ടിയാനു തദനുസൃതമായ ശമ്പളാനുകൂല്യങ്ങൾ നല്കുന്നതിന്മേൽ നിയമവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞുകൊണ്ടാണ് ഫയൽ നൽകിയിരിക്കുന്നത്.*

*സേവനത്തിൽ തുടരുമ്പോൾ വൈകല്യം സംഭവിക്കുന്ന സർക്കാർ ജീവനക്കാരനെ ഒഴിവാക്കുകയോ തരം താഴ്ത്തുകയോ ചെയ്യുവാൻ പാടില്ല എന്ന് 2016 ലെ THE RIGHTS OF PERSONS WITH DISABILITIES ACT ലെ വകുപ്പ് 20 ഉപവകുപ്പ് (4)ൽ വ്യവസ്ഥ ചെയ്യുന്നു. ടി ആക്ടിലെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ ഒരു ജീവനക്കാരൻ വൈകല്യം ബാധിച്ചതിനു ശേഷം ടിയാൻ വഹിച്ചിരുന്ന തസ്തികയിലേക്ക് അനുയോജ്യനല്ലായെന്നുണ്ടെങ്കിൽ ടിയാളെ അതേ ശമ്പളത്തിലും സേവനാനുകൂല്യങ്ങളോടും കൂടി മറ്റേതെങ്കിലും തസ്തികയിലേക്ക് മാറ്റാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. എന്നാൽ ജീവനക്കാരനെ ഏതെങ്കിലും തസ്തികയിൽ ക്രമീകരിക്കുവാൻ സാധിക്കാത്തപക്ഷം supernumerary തസ്തികയിൽ നിലനിർത്താവുന്നതാണ് എന്ന് രണ്ടാം ക്ലിപ്ത നിബന്ധനയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.*

*2016 ലെ THE RIGHTS OF PERSONS WITH DISABILITIES ACT ലെ വകുപ്പ് 20 ഉപവകുപ്പ് (4)ലെ രണ്ടാം ക്ലിപ്ത നിബന്ധന പ്രകാരം supernumerary തസ്തിക സൃഷ്ടിച്ച് ഏത് തീയതി പ്രാബല്യത്തിൽ പുനർവിന്യാസം നടത്തി ആനുകൂല്യങ്ങൾ നൽകണം എന്നത്*

സംബന്ധിച്ച് ടി ആക്റ്റിലോ 2017 ലെ The Rights of Persons with Disabilities Rules ലോ 2020 ലെ The Rights of Persons with Disabilities (Kerala) Rules ലോ വ്യവസ്ഥ ചെയ്യുന്നതായി കാണുന്നില്ല. 2016 ലെ THE RIGHTS OF PERSONS WITH DISABILITIES ACT ലെ വകുപ്പ് 47 പ്രകാരം, സേവനത്തിൽ തുടരുമ്പോൾ വൈകല്യം സംഭവിക്കുന്ന സർക്കാർ ജീവനക്കാരനെ അതേ ശമ്പള-സേവന ആനുകൂല്യങ്ങളുള്ള മറ്റൊരു തസ്തികയിലേക്ക് മാറ്റണമെന്നും, അത്തരമൊരു തസ്തിക ലഭ്യമല്ലെങ്കിൽ, ഒരു സൂപ്പർന്യൂമററി തസ്തിക ലഭ്യമാകുന്നതുവരെയോ അല്ലെങ്കിൽ വിരമിക്കൽ തീയതി വരെയോ നിലനിർത്തണമെന്നും വ്യവസ്ഥ ചെയ്യുന്നു. കേന്ദ്ര സർക്കാരിന്റെ 10.07.2009 -ലെ F.No.3603 5/3/2009-Estt.(Res.) ഓഫീസ് മെമ്മോറാണ്ടത്തിൽ, സർവ്വീസിലിരിക്കേ disability ബാധിക്കുന്ന ഒരു സർക്കാരുദ്യോഗസ്ഥന് നിയമാനുസൃതമുള്ള disability certificate ഹാജരാക്കുന്ന തീയതി മുതൽക്ക് സ്ഥാനക്കയറ്റത്തിനുള്ള സംവരാണാനുകൂല്യത്തിന് അർഹതയുള്ളതാണെന്ന് പ്രതിപാദിച്ചിട്ടുള്ളതാണ്. കൂടാതെ 1972 ലെ Central Civil Service (Leave) Rules ലെ വ്യവസ്ഥകൾ 1995 ലെ Persons with Disabilities (Equal Opportunities, Protection of Rights and Full Participation) Act വകുപ്പ് 47 ന തദ്ദനുസൃമായി ഭേദഗതി ചെയ്യുന്നതിലേക്കായി കേന്ദ്ര സർക്കാർ 25/02/2015 ലെ No.18017/1/2014-Estt(L) പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടത്തിൽ ഇപ്രകാരം പ്രതിപാദിച്ചിരിക്കുന്നു-:

> "3. The issues relating to leave or absence of Government servants who have acquired a disability while in service are required to be dealt with in the light of the provisions of the Section 47 of Persons with Disabilities (Equal Opportunities, Protection of Rights and Full Participation) Act, 1995. The case of a disabled government servant who is declared fit to resume duty but who may not able to perform the duties of the post he was holding earlier may be dealt with as per the first proviso to Section 47 of the PWD Act, 1995. The second proviso shall apply if it is not possible to adjust him against any existing post. In all such cases, the Government servant so adjusted shall be entitled to the pay scale and other service benefits attached to the post he was holding.
>
> ..............................................................................

*5. Leave applied on medical certificate in connection with disability should not be refused or revoked without reference to a Medical Authority, whose advice shall be binding. The ceiling on maximum permissible leave laid down in Rule 12 may not be applied to leave on medical certificate applied in connection with the disability. Any leave debited for the period after a Government servant is declared incapacitated shall be remitted back into his/her leave account. " ടി ഓഫീസ് മെമ്മോറാണ്ടം ഭേദഗതി ചെയ്ത്, 2016 ലെ THE RIGHTS OF PERSONS WITH DISABILITIES ACT ലെ വകുപ്പ് 20 ന് അനുസൃതമായി മാറ്റം വരുത്തുന്നതിലേക്കായി പുറപ്പെടുവിച്ച 17/07/2018 തീയതിയിലെ No. 18017/I/2014-Estt(L) ഓഫീസ് മെമ്മോറാണ്ടത്തിൽ " Accordingly, it has now been decided that leave applied under rule 20, shall not be refused or revoked without reference to the Medical Authority, whose advice shall be binding. Further, any leave debited for the period(s) granted after receipt of the certificate of disability of the Medical Authority, shall be remitted back into the leave account of the Government servant." എന്ന് പരാമർശിച്ചിട്ടുള്ളതാണ്.*

*Kunal Singh V. Union of India and another (2003) 4 SCC 524, "It was held that while construing the provisions of a social beneficial legislation, particularly one dealing with disability, the interpretation that forwards the purpose of the Act must be given precedence over an interpretation that cripples its object."*

*2016 ലെ THE RIGHTS OF PERSONS WITH DISABILITIES ACT എന്നത് welfare legislation ആണ് എന്നതിനാൽ ജീവനക്കാരന് നിയമപരമായ എല്ലാ ആനുകൂല്യങ്ങളും പരിരക്ഷയും നൽകേണ്ടുന്നത് അനിവാര്യമാണ്. മേൽ പ്രസ്താവിച്ച കേന്ദ്ര സർക്കാർ ഓഫീസ് മെമ്മോറാണ്ടത്തിലെയും ബഹു. സുപ്രീം കോടതി വിധിന്യായങ്ങളുടെയും വെളിച്ചത്തിൽ ജീവനക്കാരന്റെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവധി റദ്ദ് ചെയ്തുകൊണ്ട് ആനുകൂല്യങ്ങൾ നൽകാവുന്നതാണ്. ആയതിനാൽ ശ്രീ. പി. മുഹമ്മദ് കുഞ്ഞിയുടെ*

*ഡിസബിലിറ്റി സർട്ടിഫിക്കറ്റ് തീയതിയുടെ അടിസ്ഥാനത്തിൽ, 31.08.2022 മുതൽ 31.05.2023 വരെയുള്ള ശൂന്യവേതനാവധി റദ്ദ് ചെയ്ത്, 31.08.2022 പ്രാബല്യത്തിൽ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച പ്രസ്തുത തസ്തികയിലേയ്ക്ക് പുനർവിന്യാസം നടത്തി, ടിയാനു തദനുസൃതമായ ശമ്പളാനുകൂല്യങ്ങൾ നൽകുന്നതിന് തടസ്സമില്ല. പ്രസ്തുത വിഷയത്തിൽ സാമൂഹ്യ നീതി വകുപ്പിന്റെ അഭിപ്രായം കൂടി ആരാഞ്ഞുകൊണ്ട് ഭരണ വകുപ്പിന് തീരുമാനം കൈകൊള്ളാവുന്നതാണ് എന്നും അറിയിക്കുന്നു.*

8. In light of the opinion of the Law Department, the Social Justice Department was consulted and that Department opined as follows.

"സേവനത്തിലിരിക്കെ ഭിന്നശേഷിത്വം ബാധിച്ച ജീവനക്കാരെ സേവനത്തിൽ നിലനിർത്തുന്നതു സംബന്ധിച്ച് The Right of Persons with Disabilities Act, 2016, Chapter IV, Section 20(4) -ൽ വ്യവസ്ഥചെയ്തിട്ടുണ്ട്. ആയത് ഇപ്രകാരമാണ്:-

> "No Government establishment shall dispense with or reduce in rank, an employee who acquires a disability during his or her service:
> Provided that, if an employee after acquiring disability is not suitable for the post he was holding, shall be shifted to some other post with the same pay scale and service benefits:
> Provided further that if it is not possible to adjust the employee against any post, he may be kept on a supernumerary post until a suitable post is available or he attains the age of superannuation, whichever is earlier."

റവന്യൂ വകുപ്പ് ലഭ്യമാക്കിയ നിയമ വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, ശ്രീ. പി. മുഹമ്മദ് കുഞ്ഞിക്ക് കണ്ണൂർ ജില്ലാ ആശുപത്രി മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയ, 31.08.2022 മുതൽ സാധുതയുള്ള സ്ഥിരം (Permanent) ഡിസബിലിറ്റി സർട്ടിഫിക്കറ്റ് പരിഗണിച്ച്, 2016-ലെ ഭിന്നശേഷി അവകാശ നിയമത്തിലെ സെക്ഷൻ 20(4) പ്രകാരമുള്ള ആനുകൂല്യം അനുവദിക്കാവുന്നതാണ്. അതനുസരിച്ച്, 31.08.2022 പ്രാബല്യത്തിൽ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിലേക്ക് അദ്ദേഹത്തെ പുനർവിന്യസിക്കുകയും, 31.08.2022 മുതൽ 31.05.2023

വരെയുള്ള അദ്ദേഹത്തിന്റെ ശൂന്യവേതനാവധി റദ്ദ് ചെയ്യാവുന്നതാണ്. ഈ തീയതി (31.08.2022) മുതൽ ടിയാന് 2016-ലെ ഭിന്നശേഷി അവകാശ നിയമത്തിലെ സെക്ഷൻ 20(4) പ്രകാരമുള്ള ആനുകൂല്യം അനുവദിക്കാവുന്നതാണ് എന്ന വിവരം ആ വകുപ്പിനെ അറിയിക്കുന്നു.”

9. While issuing G.O.(Rt)No.2766/2024/RD dated 21.11.2024 wherein a supernumerary post was created for the redeployment of Sri. Muhammed Kunji against the said post under section 20(4) of the RPWD Act, 2016, actions as stipulated under Clause 18(A) of Kerala Secretariat Instructions have not been observed.

10. In the above circumstances, G.O(Rt)No.2766/2024/RD dated 21.11.2024, in having accorded sanction for the creation of a supernumerary post and redeployment of Sri. P. Muhammed Kunji, Office Attendant in the Office of the Resurvey Assistant Director, Kannur District, by granting the benefits in accordance with the provisions laid down under Section 20(4) of the Rights of Persons with Disabilities Act, 2016, may be ratified and the said order may be amended by incorporating the details of the said supernumerary post and giving effect to the said post creation with effect from 31.08.2022, the date on which 100% locomotive disability was certified.

11. When circulated, the Hon’ble Chief Minister has ordered to place the matter before the Council of Ministers for consideration.

## Points for decision

i) Whether the G.O(Rt)No.2766/2024/RD dated 21.11.2024, in having accorded sanction for the creation of a supernumerary post and redeployment of Sri. P. Muhammed Kunji, Office Attendant in the Office of the Resurvey Assistant Director, Kannur District, by granting the benefits in accordance with the provisions laid down under Section 20(4) of the Rights of Persons with Disabilities Act, 2016, may be ratified;

ii) Whether the above order may be amended by giving date of effect to the post of Office Attendant so created as supernumerary (the scale of pay of the post, 24,400 - 55200 ) in the said office, as on 31.08.2022, the date of the certificate stating that locomotive disability is 100% ;

iii) Whether the leave period from 31.08.2022 to 31.05.2023, out of the leave without allowance granted on medical certificate for the period 01.06.2020 - 31.05.2023 vide G.O(Rt)No.1993/2023/R.D. dated 25.05.2023 may be cancelled, on creation of the supernumerary post with effect from 31.08.2022 and the said GO may be modified accordingly?